പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.599 28.02.2017 ൽ മറുപടിയ്ക്ക്

## കായിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ

ചോദ്യം ഉത്തരം

ശ്രീ.വി.ജോയ് ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | നിലവിലെ സർക്കാർ കായിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ; | എ) & ബി) | കേരളത്തിലെ കായിക രംഗം മികവുറ്റതാക്കുന്നതിന് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിന് വേണ്ടി കേരള സാക്ഷരത മിഷൻ ആരംഭിച്ച മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വേണ്ടി 'കായികക്ഷമത മിഷൻ' ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2024 ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ തെരഞ്ഞെടുത്ത ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, കനോയിംഗ് കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സിമ്മിംഗ്, റസലിംഗ് എന്നീ കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>8.7.2016 ൽ ബഹു.ധനകാര്യ വകുപ്പ് മന്ത്രി പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചു കൊണ്ട് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ |
| ബി) | ഏതെല്ലാം പദ്ധതികളാണ് കായിക മേഖലയുടെ വളർച്ചയ്ക്കായി നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ ; | | |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് കായിക വികസനത്തിനായി എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ സ്പോർട്സ് വകുപ്പ് തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്നും തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനിസ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 135 കോടി രൂപയും 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 500 കോടി രൂപയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ (KIIFB) നിന്നും കണ്ടെത്തുന്നതാണെന്നും പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 6 സ്റ്റേഡിയം/സ്പോർട്സ് കോംപ്ലക്സ്, 18 കേന്ദ്രങ്ങളിൽ മിനിസ്റ്റേഡിയങ്ങൾ/ കളിസ്ഥലങ്ങൾ, 6 സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ പദ്ധതികൾ എന്നിവയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.<br><br>മുപ്പത്തിയഞ്ചാമത് ദേശീയ ഗെയിംസിന്റെ ഭാഗമായി കേരളത്തിൽ പുതുതായി നിർമ്മിച്ച സ്റ്റേഡിയങ്ങൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ, നീന്തൽ കുളം എന്നിവയും കൗൺസിലിന്റെ അധീനതയിലുള്ള സ്റ്റേഡിയങ്ങളും കായിക പരിശീലനത്തിനായി വിനിയോഗിക്കുന്നതാണ്. |
| സി) | കായിക മികവ് കണ്ടെത്തുന്നതിനും വളർത്തുന്നതിനും സ്കൂളുകളിലും കോളേജുകളിലും സ്പോർട്സ് കൗൺസിലിൽ നിന്ന് കോച്ചുകളെ ലഭ്യമാക്കുമോ? | സി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ മേൽനോട്ടത്തിൽ സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്ന സ്കൂൾ, കോളേജുകളിൽ കൗൺസിലിൽ നിന്നുള്ള പരിശീലകരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പരിശീലകരുടെ അപര്യാപ്തത മൂലം മറ്റ് സ്കൂൾ, കോളേജുകളിൽ ആവശ്യാനുസരണം പരിശീലകരെ നിയമിക്കുവാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ